# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1789** **07.03.2018 ൽ മറുപടിയ്ക്ക്**

## അസിസ്റ്റന്റ് ഡയറക്ടർ നിയമനം

| | ചോദ്യം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ |
|---|---|---|---|
| (എ) | അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി, ഫൈലേറിയ) എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; | (എ) | അസിസ്റ്റന്റ് ഡയറക്ടർ( ഫൈലേറിയ) തസ്തികയിൽ ജി.ഒ.(പി) നം. 215/2014/ആ.കു.വ തിയതി 15/07/2014 നമ്പർ ഉത്തരവ് പ്രകാരം 08/10/2014-ൽ നിയമനം നടത്തിയിട്ടുണ്ട്.<br><br>അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമനം നടത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; എന്തു കാരണത്താലാണ് ടി തസ്തികകളിൽ നിയമനം നടത്താതെന്ന് വ്യക്തമാക്കാമോ; | (ബി) | അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തിക 01/07/2014 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. പ്രസ്തുതതസ്തികയിലേക്ക് നിയമനത്തിനുള്ള യോഗ്യതയും നിയമനരീതിയും സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവ് (ജി.ഒ. (എം.എസ്)82/94/ആ.കു.വ തീയതി 08/04/94) പ്രകാരം സീനിയർ ബയോളജിസ്റ്റമാരിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരികെ യോഗ്യതകളിലൊന്നായ നിർബന്ധിത മലേറിയോളജി ട്രെയിനിംഗ് സർട്ടിഫിക്കറ്റ് സംബന്ധിച്ചുള്ള അവ്യക്തത നിലനിന്നിരുന്നതിനാലും അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി, ഫൈലേറിയ) തസ്തികയിലേക്ക് ഹയർ ഗ്രേഡ് ജില്ലാ മലേറിയ ഓഫീസർമാരെയും കൂടി പരിഗണിക്കണമെന്ന് |

| | | | |
|---|---|---|---|
| | | | പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസിന്മേൽ സ്റ്റേ നിലനിന്നിരുന്നതിനാലുമാണ് കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (സി) | 18.02.2017-ലെ ജി.ഒ. (എം.എസ്) നം . 27/2017/ആ.കു.വ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 18/02/2017-ലെ ജി.ഒ. (എം.എസ്) നം.27/2017/ആ.കു.വ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 31/07/2018-ൽ വരുന്ന ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത തസ്തികകളിലേക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഡി.പി.സി. യുടെ അംഗീകാരം വാങ്ങിയിട്ടുണ്ടോ, എങ്കിൽ ഡി.പി.സി - യുടെ അംഗീകാരം ലഭിച്ച സെലക്ട് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ